**<u>എറണാകുളം തദ്ദേശ സ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ: - ശ്രീ. പ്രദീപ്കുമാർ. വി.) )**

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം – കീഴ്മാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈസൻസ്ഡ് സൂപ്പർവൈസർ രജിസ്ട്രേഷൻ നമ്പർ G6-3143/15/829/SA ശ്രീ ബിജു കെ.ബി.ക്കെതിരെ ഉള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

==========================================================

LSGD/JD/EKM/9876/2024-F4 തീയതി : 27.06.2024

==============================================================================

പരാമർശം:- 1) ലൈസൻസി ശ്രീ ബിജു കെ.ബി.ക്ക് 31/01/2024ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസ്

2) കീഴ്മാട് പഞ്ചായത്ത് സെക്രട്ടറിയുടെ 10/11/2023ലെ JC-01/622/2023 നമ്പർ കത്ത്.

3) ശ്രീ ബിജു കെ.ബി.യുടെ വിശദീകരണം

4) ശ്രീ നൗറുൽ അമീന്റെ വിശദീകരണം.

...............

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമ പഞ്ചായത്ത് വില്ലേജിൽ 421.28ച.മീ വിസ്തീർണത്തിൽ താമസ-വാണിജ്യ കെട്ടിട നിർമ്മാണത്തിനായി ശ്രീ നൗറുൽ അമീൻ എന്നയാൾക്ക് അനുവദിച്ച പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിട നിർമാണം പൂർത്തീകരിച്ചുവെന്നു അറിയിച്ചു ഉടമയും ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ ബിജുവും അപ്പെന്റിക്സ് ഇ 1 പ്രകാരം സമർപ്പിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടം 2019ചട്ടം 42(4) 5(4) (13) 76(1)4(2) ചട്ടം23(2) ചട്ടം26(4) ടേബിൾ4( 35) 19 (5) എന്നിവ പാലിക്കാതെയാണ് പ്ലാൻ വരച്ചു അപ്പെന്റിക്സ് ഇ 1 പ്രകാരം പൂർത്തീകരണ പത്രം നൽകിയിട്ടുള്ളതെന്നും ടി ലൈസൻ സിക്കെതിരായി നടപടി സ്വീകരിക്കാനും പരാമർശം -2 പ്രകാരം ശുപാർശ ചെയ്തിരുന്നു.

ടി വിഷയത്തിൽ നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി പരാമർശം-1 പ്രകാരം ലൈസൻസിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ മറുപടിയായി പരാമർശം-3 പ്രകാരം ലൈസൻസി നൽകിയ വിശദീകരണത്തിൽ completion certificate നൽകിയതിനു ശേഷം കെട്ടിട ഉടമ licensee യുടെ അനുമതിയോടെ അല്ലാതെയും കെട്ടിടചട്ടം നോക്കാതെയും നിർമ്മാണത്തിൽ ഭേദഗതിവരുത്തിയതാണ് എന്നാണ് മറുപടി നൽകിയിട്ടുണ്ട്. പരാമർശം -4 മുഖേന കെട്ടിട ഉടമ ശ്രീ .നൗറുൽഅമീനും ആയത് ശരിവച്ച് കത്ത് നൽകിയിട്ടുമുണ്ട്.

കെ.എം.ബി.ആർ 2019 ചട്ടം-18 പ്രകാരം പ്ലാനിലും ഡ്രോയിംഗിലും വിവരങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പുവക്കുകയോ ചെയ്യുന്ന ആൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മക്കും സത്യാവസ്ഥക്കും ഉത്തരവാദി ആയിരിക്കുന്നതാണ്. കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ ചട്ട വിരുദ്ധമായി ലൈസൻസി പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചത് കുറ്റകരമാണ്. എന്നിരുന്നാലും ലൈസൻസീയുടെ അറിവില്ലാതെയാണ് അനധികൃത നിർമാണം നടത്തിയതെന്ന പരാമർശം-4 പ്രകാരമുള്ള കെട്ടിട ഉടമയുടെ മൊഴി പരിഗണിക്കാവുന്നതാണ്. മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ **ശ്രീ. ബിജു**

**കെ.ബി (G6-3143/15/829/SA)** കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ മേലിൽ അലംഭാവം കാണിക്കരുതെന്നും ഇപ്രകാരമുള്ള തെറ്റുകൾ ആവർത്തിക്കരുതെന്നും **കർശന താക്കീത്** നൽകി ടിയാനെതിരെയുള്ള നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

**ജോയിന്റ് ഡയറക്ടർ**
തദ്ദേശസ്വയംഭരണവകുപ്പ്
എറണാകുളം

Body ...

Signed by
Pradeepkumar V
Date: 01-07-2024 15:36:07

PRADEEP KUMAR V
JOINT DIRECTOR

പകർപ്പ് :ശ്രീ. ബിജു കെ.ബി.
കാട്ടുപറമ്പിൽ ഹൌസ്
എരമം
മുപ്പത്തടം, ആലുവ-10

പകർപ്പ്:
1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ് തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം) (തുടർനടപടികൾക്കും, എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
3) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം) (തുടർനടപടികൾക്കും, എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
4) എറണാകുളം ജില്ലയിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിമാർക്കും.